## 10

# "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു"

**വായനാ പ്രവർത്തനം #2**

I. തന്റെ ശുശ്രൂഷക്കു മുമ്പുള്ള യേശുവിന്റെ ജീവിത കാലയളവ് (തുടരുന്നു).

 I. യേശുവിന്റെ വരവിനെ കുറിച്ച് യോസേഫിനോട് അറിയിക്കുന്നു (മത്താ. 1:18–25).

 J. യേശുവിന്റെ ജനനം (ലൂക്കൊ. 2:1–7).

 K. ഇടയന്മാരോട് യേശുവിന്റെ ജനനത്തെ കുറിച്ച് അറിയിച്ചു (ലൂക്കൊ. 2:8–20).

 L. യേശുവിന്റെ പരിഛേദനയും പേരിടലും; ദേവാലയ ശുശ്രൂഷയും (ലൂക്കൊ. 2:21–39).

 M. കിഴക്കുനിന്നുള്ള വിദ്വാന്മാർ ("ജ്ഞാനികൾ") യേശുവിനെ സന്ദർശിച്ചു (മത്താ. 2:1–12).

 N. ബേഥ്ലെഹേമിലെ ആൺമക്കളെ കൊല്ലുവാൻ കൽപിക്കുന്നതും മിസ്രയീമിലേക്ക് ഓടിപോകുന്നതും (മത്താ. 2:13–18).

 O. ശിശുവായ യേശുവിനെ മിസ്രയീമിൽ നിന്നു നസ്രേത്തിലേക്കു കൊണ്ടുവരുന്നു (മത്താ. 2:19–23; നോക്കുക ലൂക്കൊ. 2:39).

 P. യേശു നസ്രേത്തിൽ താമസിക്കുന്നു; അവനു പന്ത്രണ്ടു വയസ്സാ യപ്പോൾ യെരുശലേം സന്ദർശിക്കുന്നു (ലൂക്കൊ. 2:40–52).

**മുഖവുര**

ഈ വാക്കുകൾ ഉപയോഗിച്ച് മശിഹയുടെ വരവിനെ യെശയ്യാവു പ്രവചിച്ചു: "നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും" (യെശയ്യാവു 9:6). കെജെവിയിൽ, ആ വേദഭാഗം തുടങ്ങുന്നത് ഇങ്ങനെയാണ്, "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു...."

യുദ്ധത്തിൽ വിജയത്തിലേക്കു തങ്ങളെ നയിക്കുവാൻ പ്രാപ്ത നായ ഒരു വീരപുരുഷനെയാണ് യെഹൂദന്മാർ നോക്കിപാർത്തിരുന്നത്; എന്നാൽ ദൈവം അവരെ തന്നിലേക്കു കൊണ്ടുവരുവാൻ അയച്ചത് ഒരു നിസഹായ ശിശുവിനെ ആയിരുന്നു. ഒരു ലൗകിക സിംഹാസനത്തിലെ ഭരണാധികാരിയെയാണ് മനുഷ്യർ ആഗ്രഹിച്ചത്; ദൈവം നൽകുന്നത് തൊട്ടിലിൽ കിടക്കുന്ന ഒരു ശിശുവിനെയാണ്. അത് മനുഷ്യന്റെ വഴി ആയിരുന്നില്ല, എന്നാൽ ദൈവവഴി ആയിരുന്നു.

**ഒരു ശിശുവിനെ വാഗ്ദാനം ചെയ്തിരുന്നു**
**(മത്താ. 1:18-25)**

യോഹന്നാൻ സ്നാപകന്റെ പ്രാരംഭ ജീവിതത്തെ കുറിച്ചുള്ള ഒരു

ചെറിയ വിവരണത്തോടുകൂടിയാണ് "ക്രിസ്തുവരുന്നു!" എന്ന പാഠം അവസാനിച്ചത്. ഈ പാഠം നാം തുടങ്ങുമ്പോൾ, മറിയ മൂന്നു മാസം എലീശബെത്തിന്റെ അടുത്തു കഴിഞ്ഞിട്ടു മടങ്ങുമ്പോഴുള്ള സമയത്തി ലേക്കു നമുക്കു തിരിച്ചുപോകാം. മറിയ നസറേത്തിലേക്ക് നടന്നപ്പോൾ, അവൾ ഗർഭിണിയായിരുന്നു എന്നത് എല്ലാവർക്കും വ്യക്തമായിരുന്നി രിക്കാം. പരക്കുവാൻ തുടങ്ങിയ പരദൂഷണത്തെ എനിക്ക് ഊഹിക്കുവാനേ കഴിയൂ.

**യോസേഫിന്റെ പ്രശ്നങ്ങൾ (വാ. 18, 19)**

യോസേഫ് മിക്കവാറും തകർന്നിരിക്കാം. എന്താണിനി ചെയ്യേണ്ടത് എന്ന പ്രതിസന്ധിയിൽ ആയിരുന്നു അവൻ. വിവാഹചടങ്ങു നടക്കുകയും വിവാഹം പൂർണ്ണമാവുകയും ചെയ്തില്ലെങ്കിൽ പോലും, ഒരു വിവാഹ നിശ്ചയം എന്നത് വിശുദ്ധവും നിയമപരമായി ബന്ധിക്കപ്പെടുന്നതു മായിരുന്നു. യോസേഫിന് തിരഞ്ഞെടുക്കാവുന്നത് മൂന്നു കാര്യമായിരുന്നു:

(1) അവന് മറിയയുടെ അവസ്ഥയെ അവഗണിച്ചുകൊണ്ട് വിവാഹം നടത്താം. അവൻ ആ സാധ്യതയെ പരിഗണിച്ചതായി തോന്നുന്നില്ല. ഒരു നീതിമാൻ എന്ന നിലയിൽ (വാ. 19), വ്യക്തമായും അധാർമ്മികമായി[1] തോന്നുന്ന ഒന്നിനെ അംഗീകരിക്കുന്നത് തെറ്റാണെന്ന് അവൻ ഒരുപക്ഷെ വിശ്വസിച്ചിരിക്കാം.

(2) അവൾ തന്റെ വിവാഹനിശ്ചയപ്രതിജ്ഞകളോടു അവിശ്വസ്തത പുലർത്തിയതുകൊണ്ട് അവനു മറിയയെ കല്ലെറിഞ്ഞുകൊല്ലാം (ആവർത്തനപുസ്തകം 22:23, 24). യോസേഫ് ആ വസ്തുതയെ തള്ളി ക്കളഞ്ഞിരുന്നു. അവൻ നീതിമാനായിരുന്നു, എന്നാൽ മനസലിവു ള്ളവനുമായിരുന്നു. അവന്റെ ഹൃദയത്തിൽ അപ്പോഴും മറിയയോടു സ്നേഹം ഒരുപക്ഷെ ഉണ്ടായിരുന്നിരിക്കാം.

(3) അവനു അവളെ ഉപേക്ഷിക്കാം.[2] ഒരു പുരുഷന് തന്റെ ഭാര്യയിൽ "ദൂഷ്യമായ വല്ലതും കണ്ടാൽ" ന്യായപ്രമാണപ്രകാരം തന്റെ ഭാര്യക്ക് "ഒരു ഉപേക്ഷണ പത്രം" എഴുതി കൊടുക്കാൻ വകുപ്പുണ്ട് (ആവർത്തനപുസ്തകം 24:1). മൂന്ന് തിന്മകളിൽവെച്ച് യോസേഫ് ചെയ്യുവാൻ തീരുമാനിച്ചത് തിന്മ കുറഞ്ഞ ആ പ്രവൃത്തിയായിരുന്നു. ശാന്തമായും[3] കഴിവതും വേഗത്തിൽ മറിയയെ ഉപേക്ഷിപ്പാൻ അവൻ തീരുമാനിച്ചതു അവൾക്കു കൂടുതൽ ലോകാപവാദം വരുത്തരുത് എന്നു കരുതിയാകാം. ആ തീരുമാനം പോലും അവന് അതീവദുഃഖ മുണ്ടാക്കിയിരുന്നു[4] എന്നതിൽ സംശയമില്ല.

**ദൈവത്തിന്റെ പരിഹാരം (വാ. 20-25)**

ഈ പാഠത്തിനുള്ള വേദഭാഗത്തിൽ കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നത് യെശയ്യാവിന്റെ ശിശുവിനെ കുറിച്ചുള്ള വാഗ്ദാനം നിറവേറ്റേണ്ടതിന് ദൈവം എങ്ങനെ കാര്യങ്ങൾ ക്രമപ്പെടുത്തുന്നു എന്നതാണ്. കഥയുടെ ഈ ഭാഗത്ത്, യോസേഫിനെ ആ പ്രതി സന്ധിയിൽ നിന്ന് ദൈവം മോചിപ്പിക്കുന്നത് ഒരു ദൂതനെ അയച്ചു കൊണ്ടാണ്. ദൂതൻ ആ തച്ചനോട് പറഞ്ഞു,

... ദാവീദിന്റെ മകനായ, യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട; അവളിൽ ഉൽപാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പാനിരിക്കകൊണ്ട്, നീ അവന്നു യേശു എന്നു പേർ ഇടേണം (വാ. 20, 21).

യോസേഫിന് സമ്മിശ്ര വികാരമുണ്ടായിക്കാണും: തന്റെ ഭാര്യയാ കാൻ പോകുന്ന മറിയ അവിശ്വസ്തയല്ല എന്നറിഞ്ഞതിൽ അവനു സന്തോഷവും, മശിഹയെ കുറിച്ചുള്ള അറിയിപ്പു ലഭിച്ചതിൽ ആഹ്ലാദവും ഉണ്ടായിക്കാണും. എങ്ങനെയായാലും, വികാരരഹിതരായവർക്കും സംസ്കാരമില്ലാത്തവർക്കും തന്നെയും മറിയയെയും കുറിച്ചു കുറ്റപ്പെടുത്തുവാൻ ഒരു വിഷയം ഉണ്ടായിരിക്കുന്നുവെന്ന്, അപ്പോൾ അവൻ മനസ്സിലാക്കിയിരിക്കും. എന്നിരുന്നാലും, അവൻ മടിച്ചില്ല. അവൻ "ഉറക്കമുണർന്നു ... കർത്താവിൻെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു, ഭാര്യയെ ചേർത്തുകൊണ്ടു, മകനെ[5] പ്രസവിക്കുംവരെ അവൻ അവളെ പരിഗ്രഹിച്ചില്ല[6]" (വാ. 24, 25).

വാഗ്ദാനം ചെയ്ത മശിഹയാണ് യേശു എന്ന് സ്ഥിരീകരിക്കുവാൻ ആഗ്രഹിച്ച, മത്തായി, ഒരു ദൈവശ്വാസീയ നിരീക്ഷണം ഇടയ്ക്കു ചേർത്തു:

കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവർത്തി[7] യാകുവാൻ ഇതൊക്കെയും സംഭവിച്ചു: "കന്യക ഗർഭിണയായി, ഒരു മകനെ പ്രസവിക്കും, അവന്നു ഇമ്മാനുവേൽ[8] എന്നുപേർ വിളിക്കും," അതിനർത്ഥം, "ദൈവം നമ്മോടുകൂടെ"[9] (വാ. 22, 23).

ജെ. ഡബ്ളിയു. മെക്ഗാർവേയുടെ "ഇമ്മാനുവേൽ" എന്നതിനെ കുറിച്ചുള്ള വിമർശനം ആവർത്തിക്കുവാൻ യോഗ്യമായതാണ്: "നമുക്കു മുകളിൽ ദൈവം ഉണ്ടെന്ന് പ്രപഞ്ചം കാണിക്കുന്നു; നമുക്കെതിരായുള്ള ദൈവത്തെയാണ് ന്യായപ്രമാണം കാണിക്കുന്നത്; എന്നാൽ സുവിശേഷം കാണിക്കുന്നത് ദൈവം നമ്മോടുകൂടെ ആണെന്നും, നമുക്കുവേണ്ടിയാണെന്നുമാണ്."[10]

## ഒരു ശിശുവിനെ പ്രഖ്യാപിച്ചിരിക്കുന്നു (ലൂക്കൊ. 2:1-20)

### യേശുവിന്റെ ജനനം (വാ. 1-7)

യോസേഫിന്റെയും മറിയയുടെയും പരസ്പരം ഉള്ള സ്നേഹവും, അതോടൊപ്പം ദൈവവാഗ്ദാനങ്ങളിലുള്ള അവരുടെ വിശ്വാസവും, അവരുടെ പാതയിൽ കുത്തുവാക്കുകളും പരിഹാസങ്ങളും നേരിട്ടപ്പോൾ അതിജീവിക്കുവാൻ അവരെ സഹായിച്ചു. മറിയക്ക് ഒൻപതു മാസമാ യപ്പോൾ, അവരുടെ പ്രതീക്ഷ ഓരോ ദിവസവും ഉയർന്നുവന്നിരിക്കാം. എങ്ങനെയായാലും, ഒരു പ്രശ്നം നിലനിന്നു – അവർ ആ സമയത്ത് അതിനെ കുറിച്ചു ബോധമുള്ളവരായിരുന്നില്ല: മശിഹ ബേത്ത്ലേഹെമിൽ ആണ് ജനിക്കേണ്ടത് (മീഖാ 5:2), അവർ നസറേത്തിലാണ് ജീവിച്ചിരുന്നത്.

തന്റെ ഉദ്ദേശം നടത്തുന്നതിനായി ദൈവം ഒരു ദൂതനെ, മുൻപ്

ഉപയോഗിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ, അവൻ ഉപയോഗിച്ചത് മനസ്സിൽകരുതാത്ത ഒന്നാണ്: റോമാ ചക്രവർത്തി. "ആ കാലത്തു ലോകം ഒക്കെയും പേർ[11] വഴി ചാർത്തേണം എന്നു, ഔഗുസ് തൊസ് കൈസരുടെ ഒരു ആജ്ഞ പുറപ്പെട്ടു" (ലൂക്കൊസ് 2:1).[12] ആ പേർ ചാർത്തൽ ഒരുപക്ഷെ റോമിന്റെ നികുതി വിപുലീകരണത്തിനായിരിക്കാം.

റോമാസാമ്രാജ്യത്തിലുള്ള എല്ലാവരും തങ്ങളുടെ പിതൃപട്ടണത്തിലേക്ക് മടങ്ങിവരേണ്ടിയിരുന്നു. ദാവീദ് രാജാവിന്റെ പിൻഗാമി ആയിരുന്ന, യോസേഫ്, യെരുശലേമിനു[13] തെക്ക് അഞ്ചുമൈൽ മാറി സ്ഥിതി ചെയ്തിരുന്ന, ദാവീദിന്റെ ജന്മസ്ഥലമായ, ബേത്ത്ലേഹെം എന്ന ഗ്രാമത്തിലേക്ക് പോകേണ്ടിയിരുന്നു. മറിയ പോകേണമെന്ന് നിയമമില്ലാ യിരുന്നു, എന്നാൽ ശിശു ജനിക്കുമ്പോൾ[14] തന്റെ ഭർത്താവ് അകന്നിരി ക്കണമെന്ന് അവൾ ആഗ്രഹിച്ചില്ല എന്നു വ്യക്തമാണ്.

> അങ്ങനെ യോസേഫും, ദാവീദിന്റെ ഗൃഹത്തിലും, കുലത്തിലും ഉള്ളവൻ ആകകൊണ്ട്, തനിക്കു വിവാഹം നിശ്ചയിച്ചിരുന്ന,[15] മറിയ എന്ന ഗർഭിണിയായ ഭാര്യയോടും കൂടെ ചാർത്തപ്പെടേണ്ടതിന്നു, ഗലീലയിലെ നസറെത്തു പട്ടണം വിട്ടു, യെഹൂദ്യയിൽ ബേത്ത് ലേഹെം എന്ന, ദാവീദിൻപട്ടണത്തിലേക്കു പോയി (വാ. 4, 5).

നസറെത്തിൽ നിന്ന് ബേത്ത്ലേഹെമിലേക്കുള്ള കഠിനമായ യാത്രയും, അതോടൊപ്പം "വഴിയമ്പലത്തിൽ അവർക്ക് സ്ഥലം ഇല്ലാ യ്കയാൽ" അനുഭവപ്പെട്ട നിരാശയും നമുക്ക് ഊഹിക്കാം (വാ. 7). അവർ എങ്ങനെ അവസാനം കാലിത്തൊഴുത്തിൽ[16] ഉറങ്ങാൻ കിടന്നു എന്നു നമ്മോടു പറഞ്ഞിട്ടില്ല. നമ്മോടു ശിശു ജനിച്ച വിവരം മാത്രമാണ് പറഞ്ഞിട്ടുള്ളത്. ചരിത്രത്തിലെ[17] ഏറ്റവും നിർണ്ണായകമായ സംഭവം ചുരുങ്ങിയ വാക്കുകളിലാണ് തന്നിരിക്കുന്നത്:

> അവർ അവിടെ [ബേത്ത്ലേഹെമിൽ] ഇരിക്കുമ്പോൾ, അവൾക്കു പ്രസവത്തിന്നുള്ള കാലം തികെഞ്ഞു. അവൾ ആദ്യജാതനായ മകനെ[18] പ്രസവിച്ചു; ശീലകൾ ചുറ്റി, വഴിയമ്പലത്തിൽ അവർക്കു സ്ഥലം ഇല്ലായ്കയാൽ, പശുത്തൊട്ടിയിൽ കിടത്തി (വാ. 6, 7).

**ഇടയന്മാരുടെ സംഭവം (വാ. 8-20)**

സന്ദർശകരാലും അവരുടെ ബഹളത്താലും ശബ്ദമുഖരിതമായ ഒരു ടൗണിൽ പുതുതായി ജനിച്ച ശിശുവിന്റെ കരച്ചിൽ ശ്രദ്ധിക്ക പ്പെടാതെ പോയി, എന്നാൽ ദൈവം ആ നിമിഷത്തെ അറിയപ്പെടാതെ പോകാൻ അനുവദിച്ചില്ല. എങ്ങനെയായാലും, പട്ടണാധികാരികൾക്കോ പള്ളിപ്രമാ ണിമാർക്കോ പോലും, ദൈവീകമായ അറിയിപ്പൊന്നും നൽകിയിരുന്നില്ല. പക്ഷെ അതു ലഭിച്ചത് "രാത്രിയിൽ ആട്ടിൻകൂട്ടത്തെ കാവൽകാത്ത് വെളിയിൽ പാർത്തിരുന്ന" ഒരു കൂട്ടം ഇടയന്മാർക്കായിരുന്നു (വാ. 8).

ലോകത്തിൽ ഏറ്റവും-നന്നായി അറിയപ്പെടുന്ന കഥകളിൽ ഒന്നാണ് ഇടയന്മാർക്ക് ദൂതൻ പ്രത്യക്ഷനായ സംഭവം. ദൂതന്റെ വാക്കു കൾ വീണ്ടും

വീണ്ടും ആവർത്തിക്കുകയുണ്ടായി:

> ഭയപ്പെടേണ്ട; സർവ്വ ജനത്തിനും ഉണ്ടാവാനുള്ളോരു മഹാ സന്തോഷം, ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു; കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു, ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾക്ക് അടയാളമോ: ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും (വാ. 10–12).[19]

ആ ഇടയന്മാർ ശിശുവോടുകൂടിയ പശുത്തൊട്ടി കണ്ടെത്തുന്നതിനു മുൻപ് അവർക്ക് എത്ര പശുത്തൊട്ടി പരിശോധിക്കേണ്ടി വന്നിരിക്കും? നമുക്കറിയില്ല, എന്നാൽ അവർ ടൗണിൽ കൂടെ പാഞ്ഞു നടക്കുന്നതും, ഓരോ തൊഴുത്തും ഓരോ തൊട്ടിയും പരിശോധിക്കുന്നതും എനിക്കു സങ്കല്പിക്കുവാൻ കഴിയും. അവർ ശിശുവിനെ കണ്ടുകഴിഞ്ഞാലുടനെ, കണ്ടുമുട്ടിയ എല്ലാവരോടും അതു പറഞ്ഞു (വാ. 17, 18). അവരെ "ആദ്യ സുവിശേഷകന്മാർ" എന്നു വിളിച്ചിരുന്നു, കാരണം അവരാണ് സുവിശേഷം ആദ്യമായി പങ്കിട്ടത്.[20]

## ശിശുവിനെ സ്തുതിക്കുന്നു (ലൂക്കൊ 2:21-39)

### പരിച്ഛേദനയും പേരിടലും (വാ. 21)

യേശുവിന്റെ ജനനം പഴയനിയമ കാലഘട്ടം അവസാനിച്ചതായി കാണിക്കുന്നു എന്നു ചിലർ കരുതുന്നു, എന്നാൽ ബൈബിൾ പഠിപ്പിക്കുന്നത് ക്രിസ്തു "ന്യായപ്രമാണത്തിൻകീഴിൽ ജനിച്ചു" എന്നാണ് (ഗലാത്യർ 4:4).[21] ഒരു യെഹൂദ അമ്മക്കു ജനിച്ച യെഹൂദ ശിശുവായിരുന്ന അവൻ യെഹൂദ നിയമങ്ങൾക്കും വിധേയനായിരുന്നു. ക്രിസ്തുവിന് എട്ടുദിവസം പ്രായമായപ്പോൾ, ന്യായപ്രമാണ പ്രകാരം അവനെ പരിച്ഛേദന കഴിപ്പിച്ചു (ലേവ്യാപുസ്തകം 12:3). ആ സമയത്ത്, ദൂതൻ നിർദ്ദേശിച്ചതുപോലെ, അവന്ന് "യേശു" എന്നു പേരിട്ടു (ലൂക്കൊസ് 1:31; മത്തായി 1:21).

### ദൈവാലയത്തിലേക്കുള്ള യാത്ര (വാ. 22-38)

ന്യായപ്രമാണം യോസേഫിനും മറിയക്കും മറ്റുത്തരവാദിത്വങ്ങളും നൽകിയിരുന്നു: മിസ്രയീമിൽവെച്ച് പത്താമത്തെ ബാധ യിസ്രായേൽ മക്കളുടെ ആദ്യ-ജാതന്മാരെ വിടുവിച്ചതിന്റെ അംഗീകാരത്തിനായി, അവരുടെ ആദ്യ-ജാതനായ മകനെ പണം കൊടുത്ത് വീണ്ടെടുക്കേണ്ടിയിരുന്നു (പുറപ്പാട് 13:2, 10–14; 34:19, 20; സംഖ്യാപുസ്തകം 3:40–51; 18:15, 16). കൂടാതെ, ഒരു മകൻ ജനിച്ച് നാല്പതു ദിവസങ്ങൾക്കുശേഷം, ഒരു യെഹൂദ അമ്മ ദേവാലയത്തിൽ ശുദ്ധീകരിക്കപ്പെടേണ്ടതിന് പോകണമായിരുന്നു, അതിൽ ഒരു യാഗവും ഉൾപ്പെട്ടിരുന്നു (ലേവ്യാപുസ്തകം 12:2–8).[22] യേശുവിനെ ദേവാലയത്തിൽ കൊണ്ടു പോകുന്നതും മറിയയുടെ ശുദ്ധീകരണവും ഒരേ സമയത്ത് നടന്നിരുന്നു എന്നു സ്പഷ്ടം.

ദേവാലയത്തിലെ അധികം പേരും യോസേഫിനെയും അവന്റെ ചെറിയ

കുടുംബത്തെയും ശ്രദ്ധിച്ചിരിക്കയില്ല, എന്നാൽ അവരെ കാണുവാൻ രണ്ടുവ്യക്തികൾക്കു അതിയായ ഉത്സാഹമുണ്ടായിരുന്നു. ആദ്യത്തേത് ശിമ്യോനായിരുന്നു, ദൈവ–ഭയവും നീതിമാനുമായിരുന്ന അവന് മശിഹയെ കാണുന്നതുവരെ താൻ മരിക്കയില്ല എന്ന് പരിശുദ്ധാത്മാവിനാൽ അരുളപ്പാടു ലഭിച്ചിരുന്നു. യേശുവിനെ കാണുമെന്ന ചൈതന്യമുള്ള അവന്റെ വാക്കുകൾ വെളിപ്പെടുത്തുന്നത് യേശു യെഹൂദന്മാർക്കും ജാതികൾക്കും രക്ഷ കൊണ്ടുവരും എന്നതാണ് (ലൂക്കൊസ് 2:31, 32). ശിമ്യോന്റെ വാക്കുകളിൽ മറിയയുടെ പ്രാണനിൽ കൂടെ ഒരു വാൾ കടക്കുമെന്ന പ്രസ്താവനയും ഉൾപ്പെട്ടിരുന്നു (വാ. 35).

രണ്ടാമത്തേത് ഹന്നയായിരുന്നു, ഒരു എൺപത്തി–നാല്–വയസ്സ് –പ്രായമുള്ള പ്രവാചകി.[23] അവൾ യേശുവിനെ കണ്ടപ്പോൾ, "അടുത്തുനിന്ന് ദൈവത്തെ സ്തുതിച്ചു, യെരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെ കുറിച്ചു പ്രസ്താവിച്ചു" (വാ. 38).

**ബേത്ത്ലേഹെമിലേക്ക് മടങ്ങിവരുന്നു (വാ. 39)**

"കർത്താവിന്റെ ന്യായപ്രമാണത്തിൽ കൽപിച്ചിരിക്കുന്നതൊക്കെയും നിവർത്തിച്ചശേഷം" (വാ. 39), അവർ ഗലീലയിൽ തങ്ങളുടെ പട്ടണമായ ബേത്ത്ലേഹെമിലേക്ക് മടങ്ങിപോയി (മത്തായി 2:8, 9 നോക്കുക).[24] സ്പഷ്ടമായും, യോസേഫും മറിയയും തീരുമാനിച്ചതു ദാവീദിന്റെ പട്ടണം (ലൂക്കൊസ് 2:4, 11) തന്നെയാണ് ദാവീദിന്റെ സന്തതിയെ വളർത്തുവാൻ ഉചിതമായ സ്ഥലമെന്നാണ് (മത്തായി 1:1; ലൂക്കൊസ് 1:32). അവർ താമസിക്കുവാനൊരു വീടു കണ്ടെത്തി (മത്തായി 2:11), യോസേഫ് ഒരുപക്ഷെ തച്ചപ്പണിക്കാരനായി തന്റെ വ്യാപാരവും തുടർന്നിരിക്കാം.

## ശിശു സംരക്ഷിക്കപ്പെട്ടു
## (മത്താ. 2:1-23; ലൂക്കൊ. 2:39)

**"ജ്ഞാനികൾ" മുഖേനയുള്ള സന്ദർശനം (മത്താ. 2:1-12)[25]**

യേശു യെഹൂദന്മാരുടെ മാത്രമല്ല, ജാതികളുടെയും മശിഹ ആയിരിക്കുമെന്ന് ശിമ്യോൻ സൂചിപ്പിച്ചിരുന്നു. കിഴക്കു നിന്നുള്ള വിദ്വാന്മാരിൽ – അതിന്റെ തെളിവ് ഉടനെ തന്നെ ഉണ്ടായി: ''യേശു യെഹൂദ്യയിലെ ബേത്ത്ലേഹെമിൽ ജനിച്ചശേഷം ... കിഴക്കുനിന്നു വിദ്വാന്മാർ[26] ... എത്തി" (വാ. 1). "വിദ്വാന്മാർ" എന്നത് ഗ്രീക്ക് വേദഭാഗത്തെ തർജ്ജിമ ചെയ്തതാണ്; ആ വാക്കിൽ നിന്നാണ് നമുക്ക് "മജീഷ്യൻസ്"[27] എന്നത് ലഭിച്ചിരിക്കുന്നത്. വിദ്വാന്മാരുടെ ജ്ഞാനം ശാസ്ത്രവും അന്ധവിശ്വാസവും[28] കൂടിക്കലർന്നതായിരുന്നുവെങ്കിലും, അവർ ജ്ഞാനം അന്വേഷിക്കുന്നവരായിരുന്നു. അവർ രാജാക്കന്മാർ[29] ആയിരുന്നില്ല, എന്നാൽ അവർ പലപ്പോഴും രാജാക്കന്മാർക്ക് ഉപദേഷ്ടാക്കന്മാരായി സേവിച്ചിട്ടുണ്ട്.[30] അവർ ഒരു നക്ഷത്രത്തെ പിൻപറ്റിയാൽ, മശിഹയെ കണ്ടെത്തുമെന്ന്, ദൈവം അവരെ എങ്ങനെയോ ബോദ്ധ്യപ്പെടുത്തിയിരുന്നു.

നക്ഷത്രം ആദ്യം അവരെ യെരുശലേമിലേക്ക് നയിച്ചു. ഒരു രാജാവിന്റെ ജനനവാർത്ത കൊണ്ട് പട്ടണം മുഴുവൻ നിറഞ്ഞിരിക്കുകയാണെന്നായിരിക്കാം അവർ ഒരുപക്ഷെ പ്രതീക്ഷിച്ചത്. പകരം, അവർ കേട്ടത് മുഖ്യ

വ്യാപാര കേന്ദ്രത്തിൽ നിന്നും നിത്യവും കേൾക്കാറുള്ളതു മാത്രമാണ്.

"യെഹൂദന്മാരുടെ രാജാവായി[31] പിറന്നവൻ എവിടെ?" എന്ന്, അവർ ചോദിക്കുവാൻ തുടങ്ങി (വാ. 2). അവരുടെ അന്വേഷണം ഹെരോദാ രാജാവിന്റെ ചെവിയിൽ എത്തി. മശിഹ എവിടെയാണ് ജനിക്കുന്നതെന്ന് രാജാവ് യെഹൂദ മതപ്രമാണിമാരോടു ചോദിച്ചു. മടികൂടാതെ, "ബേത്ത്ലേഹെം" എന്ന്, അവർ പറഞ്ഞു (വാ. 5, 6). ഹെരോദാവ് ആ വിവരം വിദ്വാന്മാരെ അറിയിക്കുകയും, അവർ ശിശുവിനെ കണ്ടെത്തിയാൽ, തന്നെ അറിയിക്കണമെന്ന വാഗ്ദാനവും അവർക്കു നൽകി. "ഞാനും ചെന്നു അവനെ നമസ്കരി [ക്കേണ്ട തിന്നു]," എന്നു അവൻ കള്ളം പറഞ്ഞു (വാ. 8).

വിദ്വാന്മാർ യെരുശലേമിൽ നിന്ന് തെക്കോട്ട് യാത്ര തിരിച്ചപ്പോൾ, നക്ഷത്രം വീണ്ടും പ്രത്യക്ഷപ്പെടുകയും "ശിശു ഇരിക്കുന്ന സ്ഥലത്തിന്നു മീതെ വന്നു നില്ക്കുവോളം" അവരെ നയിച്ചു (വാ. 9). അവർ സന്തോഷിക്കുകയും, പിന്നെ, ''ആ വീട്ടിൽ ചെന്നു ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു; വീണു അവനെ നമസ്കരിച്ചു. നിക്ഷേപ പാത്രങ്ങളെ തുറന്നു, അവന്നു പൊന്നും, കുന്തുരുക്കവും, മൂരും, കാഴ്ച്ചവെച്ചു'' (വാ. 10, 11). പൊന്ന് നിങ്ങൾക്ക് പരിചയമുണ്ടാകും. കുന്തുരുക്കം വിലകൂടിയ വെളുത്ത മരക്കറയാണ്. അത് സമ്പന്നരുടെ വീടുകളിൽ സുഗന്ധം നിറയേണ്ടതിന് കത്തിക്കുമായിരുന്നു. മൂര് കുന്തുരുക്കംപോലെ തന്നെ ലഭിക്കുന്ന ഒരു വസ്തുവാണ്; അതിനും സുഗന്ധമുണ്ട് എന്നാൽ അത് സാധാരണയായി ഉപയോഗിക്കുന്നത് മൃതശരീരങ്ങളിലാണ്.

അവരുടെ ദൗത്യം പൂർത്തിയാക്കി, വിദ്വാന്മാർ വീട്ടിലേക്കു മടങ്ങി. ''ഹെരോദാവിന്റെ അടുക്കൽ മടങ്ങിപോകരുത് എന്നു സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ടു, അവർ വേറെ വഴിയായി സ്വദേശത്തേക്ക് മടങ്ങിപ്പോയി'' (വാ. 12).

**മിസ്രയീമിലേക്ക് ഓടിപോകുന്നു (മത്താ. 2:13-15)**

ഹെരോദാവിന്റെ പ്രതികരണം പ്രതീക്ഷിച്ചുകൊണ്ട്, കർത്താവ് ഒരു ദൂതനെ യോസേഫ് തന്റെ കുടുംബത്തെ മിസ്രയീമിലേക്ക്[32] കൊണ്ടുപോകുവാൻ ആവശ്യപ്പെടുന്നതിനായി അയച്ചു. വീണ്ടും, യോസേഫ് മടികാണിച്ചില്ല. മിസ്രയീമിന്റെ അതിർത്തിയിലേക്കുപോകുവാൻ ആ കുടുംബത്തിന് നൂറുമൈൽ നടക്കേണ്ടിയിരുന്നു. പിന്നെയും സീനായി പർവ്വതത്തിൽ കൂടെ ഒരു നൂറു മൈൽ പരുപരുത്ത വഴികളിലൂടെ യാത്രചെയ്താലാണ് അവർക്കു നൈൽ തീരത്തെത്താൻ കഴിയുക. അവർ അവിടെ തങ്ങളുടെ സ്വദേശക്കാരെ കണ്ടുകാണും, കാരണം ധാരാളം യെഹൂദന്മാർ അലെക്സന്ത്രിയയിലും[33] മിസ്രയീമിലെ പല സ്ഥലങ്ങളിലുമായി കുടിയേറി പാർത്തിരുന്നു.

മിസ്രയീമിൽ യോസേഫും, മറിയയും, യേശുവും എത്ര നാൾ താമസിച്ചു എന്നു നമുക്കറിയില്ല. ഒരുപക്ഷെ മാസങ്ങളോളം ആയിരിക്കാം. അവർ അവിടെ ആയിരുന്നപ്പോൾ എന്തു ചെയ്താണ് ജീവിച്ചത്? യോസേഫ് ഒരു തച്ചനായതുകൊണ്ട് അവിടെയും അവൻ ആ പണി ചെയ്തിരിക്കാം – പക്ഷെ പൊന്ന്, മൂര്, കുന്തുരുക്കം എന്നീ സമ്മാനങ്ങളുടെ കാര്യം

മറക്കരുത്. ഈ സമയത്ത് തന്റെ ഉദ്ദേശം നിറവേറ്റുവാൻ ദൈവം വിദേശസന്ദേശവാഹകരെയാണ് ഉപയോഗിച്ചത്.

**നിരപരാധികളെ കൊല്ലൽ**
**(മത്താ. 2:16-18)**

താൻ ആഗ്രഹിച്ച വിവരവുമായി വിദ്വാന്മാർ മടങ്ങിവരാതിരു ന്നപ്പോൾ ഹെരോദാവിന് കോപമുണ്ടായി. തന്റെ സിംഹാസനത്തിന് എതിരായി വരുവാനിടയുള്ള എന്തിനെയും ഇല്ലാതാക്കുവാനുള്ള ബുദ്ധിശൂന്യമായ പരിശ്രമത്തിൽ, "വിദ്വാന്മാരോടു ചോദിച്ചറിഞ്ഞ കാലത്തിന്നു ഒത്തവണ്ണം, രണ്ടുവയസ്സും താഴെയുമുള്ള'' ആൺ കുട്ടികളെ ഒക്കെയും, ബേത്ത്ലേഹെമിലും അതിന്റെ എല്ലാ അതിരുകളിലും ആളയച്ചു കൊല്ലിച്ചു (വാ. 16).[34] "അവൻ തന്റെ വാൾ കൂട്ടിലേക്ക് കുത്തിയിറക്കി എന്നാൽ പക്ഷി പറന്നുപോയിരുന്നു"[35] എന്നാണ് പറയപ്പെട്ടിരുന്നത്.

ബേത്ത്ലേഹെം ഒരു ചെറിയ ടൗണായിരുന്നു, അതിനാൽ മരിച്ച കുട്ടികൾ താരതമ്യേന കുറവായിരുന്നേക്കാം (ഏകദേശം പന്ത്രണ്ടിനും പതിനഞ്ചിനും ഇടയ്ക്കാണെന്നു കണക്കാക്കുന്നു). എങ്കിലും, ഹെരോ ദാവിന്റെ ഹൃദയ ശൂന്യമായ പ്രവർത്തി നൂറുകണക്കിന് ഹൃദയങ്ങളെ വേദനിപ്പിക്കുന്നതായിരുന്നു. ആ ദുരന്തത്തെ മത്തായി താരതമ്യം ചെയ്തിരിക്കുന്നത് യെരുശലേം തകർന്നപ്പോഴുണ്ടായ വിലാപവുമായിട്ടാണ് (വാ. 17, 18[36]).

ചിലർ ചോദിച്ചേക്കാം, ''യേശുവിനെ സംരക്ഷിച്ചതുപോലെ മറ്റു ശിശുക്കളെയും ദൈവം എന്തുകൊണ്ട് സംരക്ഷിച്ചില്ല?'' മനുഷ്യരെ ധാർമ്മിക സ്വാതന്ത്ര്യമുള്ളവരായിട്ടാണ് ദൈവം സൃഷ്ടിച്ചത് എന്ന് ഓർക്കുക. അതുകൊണ്ടാണ് അവൻ ഹെരോദാവിനെ സ്വന്തം സ്വാതന്ത്ര്യത്തിന് വിട്ടുകൊടുത്തത്. എങ്ങനെയായാലും, തന്റെ അന്തിമമായ ഉദ്ദേശത്തെ പരാജയപ്പെടുത്തുന്ന വിധത്തിലുള്ള മനുഷ്യന്റെ പ്രവൃത്തി കളിൽ ദൈവം ഇടപെടും എന്നത് തീർച്ചയുള്ളതാണ്. ലോകത്തെ രക്ഷിക്കേണ്ടതിനുള്ള അവന്റെ പദ്ധതിയിൽ ബേത്ത്ലേഹെമിലെ കുട്ടികളുടെ മരണത്തിന് ഒന്നും ചെയ്യാൻ സാധിച്ചില്ല;[37] യേശുവിന്റെ മരണത്താലാണ് അത് സാധ്യമായത്.[38] നിരപരാധികളുടെ മരണത്തെ കുറിച്ചു നാം വിലപിക്കുമ്പോഴും, നമുക്ക് സന്തോഷിക്കുവാനുള്ളത് ഇമ്മാനുവേലിന്റെ വീണ്ടെടുപ്പാണ്!

**നസറെത്തിലേക്ക് മടങ്ങിവരുന്നു (മത്താ 2:19-23;**
**ലൂക്കൊ. 2:39)**

ഹെരോദാവു മരിച്ചശേഷം, ഒരു ദൂതൻ യോസേഫിനു പ്രത്യക്ഷ നായി, പറയുന്നു, "എഴുന്നേറ്റ്, ശിശുവിനെയും അമ്മയെയും കൊണ്ട്, യിസ്രായേൽ ദേശത്തേക്ക് പോക; കാരണം ശിശുവിന്ന് പ്രാണഹാനി വരുത്തുവാൻ നോക്കിയവർ മരിച്ചുപോയി'' (മത്തായി 2:20). സ്പഷ്ടമായും, ഹെരോദാവിന്റെ മകൻ അർക്കലെയോസ് യെഹൂദ്യ വാഴുന്ന കാര്യം അറിയുന്നതുവരെ ബേത്ത്ലേഹെമിലേക്കു മടങ്ങുവാനായിരുന്നു യോസേഫ് ഉദ്ദേശിച്ചിരുന്നത് (മത്തായി 2:22). അർക്കലെയോസിനു തന്റെ അപ്പനെപോലെ[39] ക്രൂരതയുള്ളവനാണെന്ന ദുഷ്കീർത്തി ഉണ്ടായിരുന്നു.

അവർ അതുകൊണ്ട് യെഹൂദ്യയെ ഒഴിവാക്കുകയും (വാ. 22) വടക്കുള്ള

ഗലീലിയിലെ അവരുടെ ടൗണായ നസറെത്തിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. അവിടം വിട്ട് ബേത്ത്ലേഹെമിലേക്ക് പോയിട്ട് ഒരുവർഷത്തിലധികം കഴിഞ്ഞിരുന്നു; ഇപ്പോൾ അവർ മടങ്ങിവന്നിരിക്കുന്നു (മത്തായി 2:23; ലൂക്കൊസ് 2:39). നസറെത്തിലേക്ക് മടങ്ങി വരുന്നതും ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു (മത്തായി 2:23[40]).

### ഒരു ശിശു തയ്യാറെടുത്തു (ലൂക്കൊ. 2:40-52)

യേശുവിന്റെ കഥ ഈ ഘട്ടത്തിലെത്തുമ്പോൾ, സുവിശേഷ വിവരണക്കാരുടെ ലക്ഷ്യം ക്രിസ്തുവിനെ കുറിച്ച് ഒരു ജീവചരിത്രം തയ്യാറാക്കുകയായിരുന്നില്ല എന്നതു വ്യക്തമാണ്. അടുത്ത ഇരുപത്തി- എട്ടോ അതിലധികമോ വർഷങ്ങളെ കുറിച്ച് എന്തെങ്കിലും രേഖപ്പെടുത്തിയിട്ടുള്ളത് ലൂക്കൊസ് മാത്രമാണ്, അവൻ നൽകുന്ന വിശദീകരണമാകട്ടെ ഒരൊറ്റ സംഭവത്തെ കുറിച്ചു മാത്രമാണ്.[41]

### യേശുവിന്റെ ആദ്യത്തെ പന്ത്രണ്ടുവർഷങ്ങൾ (വാ. 40)

യേശു പൂർണ്ണ ദൈവമായിരുന്നു, എന്നാൽ അവൻ പൂർണ്ണ മനുഷ്യനുമായിരുന്നു. അങ്ങനെ അവൻ മറ്റു കുട്ടികൾ വളരുന്നതുപോലെ വളർന്നു – അല്ലെങ്കിൽ, പരമാവധി, എല്ലാ കുട്ടികളും വളരേണ്ടതുപോലെ വളർന്നു: "പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു പോന്നു; ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു" (വാ. 40; ലൂക്കൊസ് 1:80–ഉം 1 ശമുവേൽ 2:26–ഉം തമ്മിൽ താരതമ്യം ചെയ്യുക).

തീർച്ചയായും, നാം ബാല്യത്തിൽ നിന്ന് പ്രായപൂർത്തിയിലേക്കു വളർച്ചപ്രാപിക്കുമ്പോഴുള്ള നമ്മുടെ എല്ലാവരുടേയും അനുഭവങ്ങൾ യേശുവും അഭിമുഖീകരിക്കണമെന്നത് ദൈവഹിതമായിരുന്നു (എബ്രായർ 4:15). അവന്റെ ദൈവീകത്വത്തെ "തന്നെത്താൻ ഒഴിക്കുക" മാത്രമല്ല യേശു ചെയ്തത് (ഫിലിപ്പിയർ 2:6, 7), അവൻ തന്റെ സർവ്വ വ്യാപിത്വമെന്ന പ്രത്യേകാവകാശങ്ങളും തന്നെത്താൻ ഒഴിച്ചിരുന്നു (മർക്കൊസ് 13:32 നോക്കുക).

യേശുവിന്റെ ആദ്യ വാക്കുകളെ കുറിച്ചും, അവന്റെ ആദ്യ കാൽച്ചുവടുകളെ കുറിച്ചും, നസറെത്തിലെ താഴ്ന്ന കുടുംബത്തിലെ അവന്റെ ആദ്യകാലങ്ങളെ കുറിച്ചും, ആ വീട്ടിൽ ജനിക്കുന്ന മറ്റു കുട്ടികളോടുള്ള അവന്റെ പ്രതികരണത്തെ കുറിച്ചുമെല്ലാം അറിയുവാൻ എനിക്ക് ആഗ്രഹമുണ്ട്. ദൈവം, എങ്ങനെയായാലും, നാം വളരേണ്ടതു പോലെ തന്നെയാണ് യേശുവും വളർന്നതെന്ന് നമ്മൾ അറിയുന്നത് ഉചിതമാണെന്നു ആഗ്രഹിച്ചു.

### യേശുവിന് പന്ത്രണ്ടുവയസ്സായിരുന്നപ്പോൾ (വാ. 41-50)

ഒരിക്കൽ മാത്രമാണ് ലൂക്കൊസ് യേശുവിന്റെ വളർച്ചയുടെ ഘട്ടത്തെ മറനീക്കി പുറത്തുകൊണ്ടുവന്നത് – അത് അവന്ന് പന്ത്രണ്ടു വയസ്സുള്ളപ്പോൾ ആയിരുന്നു. ഒരു യെഹൂദ കുട്ടിയുടെ ജീവിതത്തിൽ അവന് പന്ത്രണ്ട് വയസ്സാകുന്നത് പ്രാധാന്യമുള്ള ഒരു ഘട്ടമായിരുന്നു: അവൻ ഒരു തൊഴിൽ പഠിക്കുവാൻ തുടങ്ങി; അവനെ "ന്യായപ്രമാണ സന്തതി'' എന്നു വിളിക്കുവാൻ തുടങ്ങി; അവൻ പള്ളിയിൽ ആളുക

ളോടൊപ്പം ഇരിപ്പാൻ തുടങ്ങി. യേശുവിനു പന്ത്രണ്ടുവയസ്സായപ്പോൾ, യോസേഫും മറിയയും വലിയ മൂന്നു പെരുന്നാളുകളിൽ ഏറ്റവും വിശുദ്ധമായ ഒന്നിനു യേശുവിനെയും കൊണ്ടുപോയി: പെസഹ.

യോസേഫും മറിയയും വീട്ടിലേക്ക് മടങ്ങുന്നവഴിക്ക്, യേശുവിനെ അവർക്കു നഷ്ടപ്പെട്ടു. പരിഭ്രമത്തോടെ, അവർ ഉടനെ യെരുശലേമിലേക്ക് തിരിച്ചു മടങ്ങി അവനെ അന്വേഷിക്കുവാൻ തുടങ്ങി.

> മൂന്നുനാൾ കഴിഞ്ഞശേഷം, അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും, അവരുടെ ഉപദേശം കേൾക്കയും, അവരോടു ചോദിക്കയും ചെയ്യുന്നതും കണ്ടു. അവന്റെ വാക്കു കേട്ടവർക്കെല്ലാവർക്കും അവന്റെ വിവേകത്തിലും ഉത്തരങ്ങളിലും വിസ്മയം തോന്നി (വാ. 46, 47).

ഈ രംഗത്തെ തെറ്റായി വ്യാഖ്യാനിക്കരുത്. യേശു ക്ലാസെടുക്കുകയായിരുന്നില്ല; അവൻ ഉപദേഷ്ടാക്കന്മാരെ പഠിപ്പിക്കുകയും ആയി രുന്നില്ല. അന്ന് മതപരമായ ക്ലാസുകളിൽ, അദ്ധ്യാപകരും വിദ്യാർത്ഥികളും പരസ്പരം ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ പറയുകയും ചെയ്തിരുന്നു. (ഇന്നു നാം അതിനെ ചർച്ചാ ക്ലാസ് എന്നു വിശേഷിപ്പിക്കുന്നു.) പന്ത്രണ്ട്-വയസ്-പ്രായമുള്ള ഒരു കുട്ടിക്ക് ആത്മീയമായ യാഥാർത്ഥ്യങ്ങളിൽ വളരെയധികം താല്പര്യവും ആത്മീയ തത്വങ്ങളെ മനസ്സിലാക്കുന്നതിൽ അസാധാരണമായ കഴിവുമുണ്ടായിരുന്നു എന്ന വസ്തുതയാണ് വിസ്മയം ജനിപ്പിക്കുന്നത്.

മറിയക്ക് യേശുവിനെ കണ്ടപ്പോൾ ഉണ്ടായ പ്രതികരണം ഒരു സാധാരണ അമ്മയുടേതായിരുന്നു – ആശ്വാസവും അതോടൊപ്പം വേദനാജനകവുമായിരുന്നു. "... അമ്മ അവനോടു, 'മകനേ, ഞങ്ങളോട് ഇങ്ങനെ ചെയ്തത് എന്ത്? നിന്റെ അപ്പനും ഞാനും വ്യസനിച്ചു കൊണ്ട് നിന്നെ തിരഞ്ഞു, എന്ന് പറഞ്ഞു'" (വാ. 48). യേശു ആത്മാർത്ഥമായി ആശയ കുഴപ്പത്തിലായിരുന്നു എന്നു തോന്നുന്നു: "എന്നെ തിരഞ്ഞത് എന്തിന്നു? എന്റെ പിതാവിന്നുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്നു നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു" (വാ. 49).

ഇതായിരുന്നു രേഖപ്പെടുത്തിയ യേശുവിന്റെ ആദ്യവാക്കുകൾ. ഗ്രീക്ക് മൂലഗ്രന്ഥത്തിലെ വാക്കുകൾ അക്ഷരികമായി അർത്ഥമാക്കുന്നത് "ഞാൻ എന്റെ പിതാവിന്റേതിൽ ആയിരിക്കണം എന്നാണ്,''[42] എന്നാൽ "പിതാവിനുള്ളത്" എന്താണെന്നു പറഞ്ഞിട്ടില്ല. കെജെവിയിൽ "എന്റെ പിതാവിന്റെ ജോലി'' എന്നാണ് ഉള്ളത്. ഹൂഗോ മെക്ഗാർഡിന്റെ തർജ്ജിമയിൽ "എന്റെ പിതാവിന്റെ കാര്യങ്ങൾ"[43] എന്നാണ്. തർജ്ജിമ എന്തായിരുന്നാലും, യേശുവിന് പന്ത്രണ്ടുവയസ്സായിരുന്നപ്പോൾ പോലും, അവൻ തന്റെ ദൈവീക ദൗത്യത്തെ കുറിച്ചു ബോധമുള്ളവനായിരുന്നു എന്നു വ്യക്തമാണ്.

ആ ഉൾക്കാഴ്ച്ച യേശുവിൽ ഒരു മിന്നൽപോലെ, പെട്ടെന്നാണോ ഉണ്ടായത്; അല്ലെങ്കിൽ ഒരു പുതിയ ദിവസം പൊട്ടിവിടരുന്നതുപോലെ, ക്രമേണ ഉണ്ടായതാണോ? യേശുവിന് പന്ത്രണ്ടു വയസ്സായപ്പോൾ അവന്റെ ദൗത്യം പൂർണ്ണമായും മനസ്സിലാക്കിയിരുന്നോ അല്ലെങ്കിൽ മനസ്സിലാക്കൽ

ഭാഗികം മാത്രമായിരുന്നോ? ഈ ചോദ്യങ്ങൾക്ക് തീർച്ചയുള്ള ഉത്തരങ്ങൾ നൽകുവാൻ നമുക്ക് സാധ്യമല്ല, എന്നാൽ പന്ത്രണ്ട്-വയസ്സ്-പ്രായമുള്ള യേശു താൻ ആയി തീരുന്ന മനുഷ്യനെ രൂപപ്പെടുത്തേണ്ട പാതയിൽ ആയിരുന്നുവെന്ന് നമുക്ക് പറയാം.

**അടുത്ത പതിനെട്ടുവർഷങ്ങൾ (വാ. 51, 52)**

തന്റെ ദൈവീക നിലവാരത്തെ കുറിച്ചുള്ള യേശുവിന്റെ അറിവിന്റെ വെളിച്ചത്തിൽ നോക്കിയാൽ, അടുത്ത വാക്യം നമ്മെ അതിശയിപ്പി ക്കുന്നതാണ്: "പിന്നെ അവൻ അവരോടുകൂടെ ഇറങ്ങി[44] നസറെത്തിൽ വന്നു, അവർക്കു കീഴടങ്ങിയിരുന്നു ..." (വാ. 51). ഏതെങ്കിലും കുട്ടിക്ക് മാതാപിതാക്കളെ അനുസരിക്കാതിരുന്നതിന് ന്യായീകരണമുണ്ടെങ്കിൽ, അത് യേശുവിനായിരുന്നു – എന്നാൽ മാതാപിതാക്കളെ അനുസരി ക്കൽ തിരഞ്ഞെടുക്കാവുന്ന ഒന്നല്ല എന്ന് അവന് അറിയാമായിരുന്നു (പുറപ്പാട് 20:12; നോക്കുക എഫെസ്യർ 6:1–3).

യേശുവിന്റെ ജീവിതത്തിലെ അടുത്ത പതിനെട്ടുവർഷങ്ങളോ അതിലധികമോ വ്യക്തമാക്കാതെ, വീണ്ടും തിരശീല വീഴുന്നു. ആ വർഷങ്ങളെ കുറിച്ച് തിരുവെഴുത്ത് ചില സൂചനകൾ മാത്രം നൽകുന്നു. യേശു വളർന്നത് ഒരു വലിയ വീട്ടിലായിരുന്നു: അവന്ന് എങ്ങനെയായാലും രണ്ടു സഹോദരിമാരും നാല് സഹോദരന്മാരും ഉണ്ടായിരുന്നു (മത്തായി 13:55, 56; മർക്കൊസ് 6:3).[45] അവൻ തച്ചന്റെ തൊഴിൽ പഠിച്ചത് യോസേഫിൽ നിന്നായിരുന്നു (മത്തായി 13:55; മർക്കൊസ് 6:3). യേശു ഉപയോഗിച്ചതായ "അബ്ബാ" എന്ന വാക്ക് (മർക്കൊസ് 14:36) – "അപ്പൻ" എന്ന അർത്ഥമുള്ള ഏറ്റവും അടുപ്പം കാണിക്കുന്ന പദം – സൂചിപ്പിക്കുന്നത് അവന് യോസേഫുമായി ശക്ത മായ ഒരു ബന്ധമുണ്ടായിരുന്നുവെന്നാകാം. യോസേഫ് മരിച്ചപ്പോൾ,[46] യേശു, മൂത്തമകനെന്ന നിലയിൽ, കുടുംബത്തെ പ്രാഥമികമായി പിൻ താങ്ങേണ്ട ചുമതല ഏറ്റെടുക്കണമായിരുന്നു. യേശു തിരുവെഴുത്തു കൾ പഠിച്ചത്,[47] ഒരുപക്ഷെ പള്ളിസ്കൂളിലും പള്ളി ആരാധനകളിലും ആയിരിക്കാം:[48] അവൻ പള്ളിയിൽ നിരന്തരമായി പോയിരുന്നു (ലൂക്കൊസ് 4:16). യേശുവിന്റെ ചെറുപ്പകാലത്തെ കുറിച്ചുള്ള ചിന്തക ളുടെയും നിരീക്ഷണങ്ങളുടെയും ലിസ്റ്റിൽ ഇനിയും നമുക്ക് ചേർ ക്കാനുണ്ട്,[49] എന്നാൽ ആ വർഷങ്ങളെ കുറിച്ചു തിരുവെഴുത്ത് പറഞ്ഞി രിക്കുന്നത് എല്ലാം ലൂക്കൊസ് 2:52–ൽ കാണാം: "യേശുവോ ജ്ഞാനത്തിലും വളർച്ചയിലും, ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു."

യേശുവിന്റെ വളർച്ചയിൽ നാല് ഘടകങ്ങൾ ഉണ്ടായിരുന്നു (നമ്മുടേതു ആയിരിക്കുന്നതുപോലെ): അവൻ മാനസികമായി വളർന്നു ("ജ്ഞാനത്തിൽ"), ശാരീരികമായി ("ഘടന" യിൽ), സാമൂഹികമായി ("മനുഷ്യരുടെ ... കൃപയിൽ"), ആത്മീയമായി ("ദൈവത്തിന്റെ കൃപ യിൽ"). അവന്റെ വളർച്ച എളുപ്പമായിരുന്നില്ല (നമ്മുടേതുമല്ല): "കട്ട്" എന്നതിനുള്ള വാക്കിനെ "റ്റുവേർഡ്" എന്നർത്ഥമുള്ള വിഭക്ത്യുപ സർഗവുമായി യോജിപ്പിക്കുന്ന സംയുക്ത ഗ്രീക്ക് വാക്കാണ് "വളർന്നുവന്നു" എന്നു തർജ്ജിമ ചെയ്തിരിക്കുന്ന വാക്ക്. അതിന്റെ അക്ഷരീകമായ അർത്ഥം "റ്റു കട്ട് ഫോർവേഡ് എ വേ."[50] ഒരു വഴിയാത്രക്കാരൻ തന്റെ മുമ്പോട്ടുള്ള

യാത്രക്ക് വലിയ കാടുകളിലൂടെ പാത വെട്ടിതെളിക്കുന്ന ചിത്രീകരണമാണ് മനസ്സിലേക്കു വരുന്നത്. അടുത്ത പാഠത്തിൽ യേശുവിന്റെ പരസ്യശുശ്രൂഷയുടെ അവ ലോകനം നാം തുടങ്ങുമ്പോൾ, എത്ര വിജയകരമായിട്ടാണ് യേശു തന്റെ വഴി തെളിയിക്കുന്നത് എന്ന് കാണാം.

**ഉപസംഹാരം**

ഒരു ശിശു ജനിക്കുമെന്ന് യെശയ്യാവ് വാഗ്ദാനം ചെയ്തു (യെശയ്യാവു 9:6). ഈ പാഠത്തിൽ, ശിശു ജനിക്കുകയും ദൈവത്താൽ സംരക്ഷിച്ച് ഒരുക്കുകയും ചെയ്യുമ്പോൾ, വാഗ്ദാനം നിറവേറുന്നതായി നാം കാണുന്നു. സംഭവത്തിന്റെ ഓരോ ഘട്ടത്തിലും, ഊന്നി പറയുവാൻ ശ്രമിച്ചിട്ടുള്ളത് ദൈവം ഉറപ്പോടെ നിയന്ത്രിച്ചിരുന്നു എന്നതാണ്.

യേശുവിന്റെ ആദ്യത്തെ മുപ്പതുവർഷ ജീവിതത്തെ നാം പെട്ടെന്ന് അവലോകനം ചെയ്യുകയുണ്ടായി. യേശുവിനെ ഒരുക്കുവാൻ ദൈവം എന്തിന് മുപ്പതുവർഷം എടുത്തുവെന്നും – എന്തുകൊണ്ട് യേശു തന്റെ ശുശ്രൂഷ മുൻപ് തുടങ്ങിയില്ല എന്നും ചിലർ ചിന്തിച്ചേക്കാം. ബി. എസ്. ഡീൻ പറഞ്ഞു, "ലോകത്തിന്റെ ഏറ്റവും വേദനാജനകമായ ആവശ്യം സ്വഭാവമാണ്; മറഞ്ഞുകിടന്ന നസറെത്തിൽ നിന്ന് അത്തരം ഒരു പുരുഷനെ നൽകുന്ന തയ്യാറാക്കലിന്റെ വർഷങ്ങൾ ഒന്നും പാഴായിരുന്നില്ല."[51] ക്രിസ്തു പിന്നീടു തന്റെ പരസ്യ ശുശ്രൂഷക്ക് ഉത്സാഹം കാണിച്ചതുപോലെ തന്നെയായിരുന്നു തയ്യാറെടുപ്പിന്റെ ശാന്തമായ വർഷങ്ങളിൽ "തന്റെ അപ്പന്റെ ജോലിയുടെ കാര്യത്തിൽ" ആയിരുന്നത്. ഏതൊരു മഹത്തായ ജോലി ചെയ്യുന്നതിനും ഒരുക്കം ആവശ്യമാണ്. അതിനെ നിസ്സാരമാക്കരുത്; അതിനെ ഉപേക്ഷി ക്കുകയുമരുത്.

---

കുറിപ്പുകൾ

[1]അവൾക്കുണ്ടായ സ്വർഗ്ഗീയ സന്ദർശനവാർത്ത മറിയ അവനുമായി പങ്കിട്ടോ എന്നു നമുക്കറിയില്ല; എന്നാൽ അവൾ പങ്കിട്ടിരുന്നുവെങ്കിൽ, അവൻ അതു ഒരുപക്ഷെ വിശ്വസിച്ചുകാണുകയില്ല. [2]എന്റെ കൈവശമുള്ള എൻഎഎസ്ബിയുടെ പകർപ്പിൽ "ടു പുട്ട് ഹെർ എവേ" എന്നതിനെ കുറിച്ചുള്ള മാർജിൻ കുറിപ്പ്: "ടു ഡൈവോഴ്സ് ഹെർ" എന്നാണ്. [3]ഒരു നിയമമായി, ഉപേക്ഷണപത്രം എഴുതികൊടുക്കേണ്ടത് രണ്ടോ മൂന്നോ സാക്ഷികളുടെ സാന്നിദ്ധ്യത്തിലാണ്. പുരുഷൻ താൽപര്യപ്പെടുകയാണെങ്കിൽ, ആ ചടങ്ങ് ഭാര്യയെ സംബന്ധിച്ച് പരസ്യമായതും തരം താഴ്ത്തുന്നതും ആയിരിക്കും. യോസേഫ് അത് ഒഴിവാക്കുവാൻ ആഗ്രഹിച്ചു: "... അവളെ ഉപേക്ഷിപ്പാൻ ആഗ്രഹിക്കാതെ, [അവൻ] രഹസ്യമായി അയക്കുവാൻ പദ്ധതി ഇട്ടു" (മത്തായി 1:19). [4]മറ്റു പരിഗണനകളോടൊപ്പം, ഒരിക്കൽ അവൻ മറിയക്ക് ഉപേക്ഷണപത്രം കൊടുത്താൽ, അവൾക്കു അവൻ എന്നേക്കും നഷ്ടപ്പെടുമായിരുന്നു (ആവർത്തന പുസ്തകം 24:2–4). [5]യേശു ജനിച്ചപ്പോൾ മറിയ കന്യക ആയിരുന്നു എന്ന വസ്തുതയെ കുറിച്ചു പറയുന്ന മറ്റൊരു വേദഭാഗമാണ് ഇത്. ഈ പുസ്തകത്തിൽ തന്നെ ആരംഭത്തിൽ കാണുന്ന കന്യകാജനനത്തിനെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക. [6]മറിയ "ഒരു മകനെ പ്രസവിച്ച" *ശേഷം*, യോസേഫും മറിയയും ദമ്പതികളെ പോലെ സാധാരണ ലൈംഗികബന്ധം പുലർത്തിയിരുന്നു എന്ന് അതിനു മുൻപുള്ള വാക്കുകളെ സ്വാഭാവികവും

സാധാരണവുമായ രീതിയിൽ വ്യാഖ്യാനിക്കാം. [7]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന ''പഴയ നിയമ തിരുവെഴുത്തുകൾ എങ്ങനെ നിറവേറി,'' എന്നത് നോക്കുക. [8]കെജെവിയിൽ "ഇമ്മാനുവേൽ" എന്നതിനെ, മറ്റൊരു വിധത്തിൽ "എമ്മാനുവേൽ" എന്നു പറഞ്ഞിരിക്കുന്നു. [9]ഇത് അവതാരത്തിന്റെ മറ്റൊരു ഉറപ്പിക്കലാണ്. ഈ പുസ്തകത്തിൽ ആരംഭത്തിൽ കാണുന്ന "ക്രിസ്തു വരുന്നു," എന്ന പാഠത്തിലുള്ള അവതാരത്തെ ആസ്പദമാക്കിയുള്ള കുറിപ്പുകൾ നോക്കുക. [10]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 26.

[11]കെജെവിയിൽ ''ടാക്സ്ഡ്'' എന്നാണുള്ളത്, പക്ഷെ ഗ്രീക്ക് വേദഭാഗം സൂചിപ്പിക്കുന്നത് ഒരു രേഖപ്പെടുത്തലിനെയാണ്. എൻകെജെവിയിൽ "റജിസ്റ്റേർഡ്" എന്നാണുള്ളത്. [12]വാക്യം 2–നെയും ആ പേർ ചാർത്തൽ എപ്പോൾ നടന്നു എന്നതിനെയും സംബന്ധിച്ച്, "ക്രിസ്തുവിന്റെ ജീവിതം, 1" ലെ പേജ് 127–ൽ ആരംഭിക്കുന്ന "ക്രിസ്തു ജനിച്ചതെപ്പോൾ?" എന്നതു നോക്കുക. [13]പഴയനിയമത്തിൽ ബേത്ത്ലേഹെം എന്നത് പല പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ഉൽപത്തി 48:7; രൂത്ത് 1:22), എന്നാൽ അത് പ്രാഥമികമായി അറിയപ്പെടുന്നത് ദാവീദിന്റെ ഭവനമായിട്ടാണ് (1 ശമുവേൽ 16:1; 17:12; 20:6). [14]റോം നിർബന്ധിച്ചില്ലായിരുന്നുവെങ്കിൽ യോസേഫ് ബേത്ത്ലേഹെമിലേക്ക് പോകുമായിരുന്നില്ല എന്ന് തിരുവെഴുത്ത് അന്തർലീനമാക്കുന്നു, കൂടാതെ ശിശു ബേത്ത്ലേഹെമിൽ ജനിക്കേണ്ടതാണ് എന്ന് യോസേഫിനോടും മറിയയോടും ദൈവം പറഞ്ഞിരുന്നില്ല എന്നും സൂചിപ്പിക്കുന്നു. അതുകൊണ്ട് മറിയക്ക് ആ യാത്രയെ സംബന്ധിച്ച് മറ്റെന്തെങ്കിലും ഉദ്ദേശം കാണും. [15]യോസേഫ് മറിയയെ "തന്റെ ഭാര്യയായി" എടുത്തുകഴിഞ്ഞു എന്നാണ് മത്തായിയുടെ വിവരണം നമ്മോടു പറയുന്നത് (മത്തായി 1:24) – മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവരുടെ വിവാഹചടങ്ങു നടന്നുകഴിഞ്ഞു എന്നാണ്. എങ്ങനെയായാലും, വിവാഹം പൂർത്തിയാകുന്നതുവരെ അതു വാസ്തവത്തിൽ "ഔദ്യോഗിക" മായിരുന്നില്ല. അതുകൊണ്ട് ലൂക്കൊസിന്റെ വിവരണം സൂചി പ്പിക്കുന്നത്, ഒരർത്ഥത്തിൽ, യോസേഫും മറിയയും അപ്പോഴും വിവാഹനിശ്ചയ (ഉറപ്പിക്കൽ) കാലയളവിൽ തന്നെയായിരുന്നുവെന്നാണ് (ലൂക്കൊസ് 2:5). [16]ബേത്ത്ലേഹെം സന്ദർശിക്കുന്നവർക്ക് യേശു ജനിച്ചസ്ഥലമായി കരുതുന്ന ഭൂമിക്കടിയിലെ ഒരു ഗുഹ കാണാം. എന്നാൽ നമ്മോടു ആകെ പറഞ്ഞിരിക്കുന്നത് യേശു ഒരു പശുത്തൊട്ടിയിൽ ജനിച്ചു എന്നു മാത്രമാണ്. ആ പശുത്തൊട്ടി പട്ടണത്തിൽ എവിടെ ആകാനും സാധ്യതയുണ്ട്, ചിലപ്പോൾ പുറത്തുപോലും ആകാം. [17]യേശുവിന്റെ ജനനം അവന്റെ മരണത്തെക്കാളും ഉയർപ്പിനെക്കാളും വലിയ പ്രാധാന്യമുള്ളതായിരുന്നു എന്നല്ല ഞാൻ പറയുന്നത്. "നൈമിഷിക സംഭവം" എന്നതു കൊണ്ടു, നമ്മുടെ പാപങ്ങൾക്കുവേണ്ടി വിലകൊടുക്കേ*ണ്ടതിന്* ദൈവം ജഡമായി തീരുന്നതിനെയാണ് ഞാൻ ഉദ്ദേശിച്ചത്. [18]"ആദ്യ–ജാതൻ" എന്ന പദം വിവിധ രൂപത്തിൽ ഉപയോഗിക്കാം (എബ്രായർ 1:6); എന്നാൽ ലൂക്കൊസ് 2–ന്റെ സന്ദർഭത്തിൽ, വാക്യം 7–ലെ "ആദ്യജാതൻ" എന്ന പദത്തിന്റെ സ്വാഭാവികവും സാധാരണവുമായ അർത്ഥം സൂചിപ്പിക്കുന്നത് മറിയക്ക് വേറെയും മക്കൾ ഉണ്ടായിരുന്നു എന്നതിനെയാണ്. [19]അതിനെ തുടർന്നുള്ള സ്വർഗ്ഗീയ അതിഥിയുടെ വാക്കുകളും ലോക വ്യാപകമായി അറിയപ്പെടുന്നതും പ്രിയപ്പെട്ടതു മായിരുന്നു (വാ. 14). "സമാധാനം" എന്ന് പറഞ്ഞിരിക്കുന്നത് എല്ലാ പുരുഷന്മാർ ക്കുമുള്ളതല്ല എന്നു ശ്രദ്ധിക്കുക (കെജെവി സൂചിപ്പിക്കുന്നതുപോലെ), എന്നാൽ മറിച്ച് "[ദൈവ] പ്രസാദമുള്ള മനുഷ്യർക്ക്" ഉള്ളതാണ് (എൻഎഎസ്ബി). [20]വാക്യം 19 ശ്രദ്ധിക്കുക: "എന്നാൽ മറിയ ഈ കാര്യങ്ങൾ ഒക്കെയും, തന്റെ മനസ്സിൽ സംഗ്രഹിച്ചു."

ഈ വാക്യം, 2:51–ന്റെ അവസാന ഭാഗത്തോടുകൂടെ നോക്കുമ്പോൾ, പലരും തീർച്ചയാക്കുന്നത് മറിയ പിന്നീടു അവളുടെ ചിന്തകൾ ലൂക്കൊസിനോടു പങ്കിട്ടിരിക്കാം എന്നാണ്.

[21]പുതിയ നിയമം പഠിപ്പിക്കുന്നത് യേശുവിന്റെ ക്രൂശിലെ *മരണം* പഴയനിയമ കാലം അവസാനിച്ചതായും (കൊലൊസ്യർ 2:14) പുതിയനിയമ കാലം ആരംഭിച്ചതായും (എബ്രായർ 9:16, 17) കാണിക്കുന്നു എന്നാണ്. [22]യോസേഫും മറിയയും കഴിച്ച യാഗം ദരിദ്രർക്ക് ചെയ്യാവുന്നതായിരുന്നു. [23]കർത്താവിനുവേണ്ടി ദൈവശ്വാസീയമായി സംസാരിക്കുന്നവനായിരുന്നു ഒരു പ്രവാചകൻ. പ്രവാചകി പ്രവചനം നടത്തുന്ന സ്ത്രീയായിരുന്നു. ദൈവശ്വാസീയ കാലയളവിൽ പോലും, പ്രവാചകിമാർ അപൂർവമായിരുന്നു. പഴയനിയമത്തിൽ, ദബോരാ ഒരു പ്രവാചകി ആയിരുന്നു (ന്യായാധിപന്മാർ 4:4). [24]ലൂക്കൊസ് 2:39–ന്റെ അവസാനം പറയുന്നു, "അവർ അവരുടെ സ്വന്ത പട്ടണമായ, ഗലീലിയിലെ നസറെത്തിലേക്ക് മടങ്ങിവന്നു." അത് ഒരുപക്ഷെ നസറെത്തിൽ മടങ്ങിചെന്ന് സാധനങ്ങളും യോസേഫിന്റെ ഉപകരണങ്ങളും എടുത്തശേഷം, അവർ ബേത്ത്ലേഹെമിലേക്കു തിരിച്ചുവന്നതിനെയാകാം സൂചിപ്പിച്ചത്. അത്തരത്തിലുള്ള ഒരു യാത്രയാകാം നടത്തിയത്, എന്നാൽ 2:39–ലെ ലൂക്കൊസിന്റെ വാക്കുകൾ സൂചിപ്പിക്കുന്നതായി തോന്നുന്നത് അവർ നസറെത്തിലേക്ക് മടങ്ങിവന്നത് ആ പട്ടണത്തിൽ അവരുടെ താമസം ആക്കുന്നതിനു വേണ്ടിയാണെന്നാണ്. വിദ്വാന്മാരുടെ സന്ദർശനത്തെയും മിസ്രയീമിലേക്കുള്ള യാത്രയും വിട്ടുകൊണ്ട് കഥയുടെ ഈ ഘട്ടത്തിൽ, ലൂക്കൊസ് തന്റെ കഥയെ ലളിതമായി ചുരുക്കിയെന്ന് സ്വാഭാവികമായി തോന്നാം. പിന്നീട് ലൂക്കൊസ് ശൗലിന്റെ പരിവർത്തനത്തിനുള്ള തുടർച്ച നൽകുമ്പോൾ (പ്രവൃത്തികൾ 9:19–26), ശൗൽ കുറെ നാൾ അറേബ്യയിൽ ചിലവഴിച്ചതിനെ അവൻ വിട്ടുകളഞ്ഞിരുന്നു (ഗലാത്യർ 1:17). കഥയുടെ എല്ലാ കാര്യങ്ങളും വിശദമാക്കുക എന്ന ഉദ്ദേശ്യം തിരുവെഴുത്തിൽ എഴുത്തുകാർക്കില്ലായിരുന്നു. [25]വിദ്വാന്മാരുടെ സന്ദർശനത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക്, "രക്ഷകനെ അന്വേഷിക്കൽ" എന്നത് നോക്കുക. [26]"മാഗി" എന്നത് ഉച്ചരിക്കുന്നത് "മേ–ജി" എന്നാണ്. [27]ആ വിദ്വാന്മാർ സത്യം ആത്മാർത്ഥമായി അന്വേഷിക്കുന്നവരായിരുന്നു. നിർഭാഗ്യവശാൽ, ചില വിദ്വാന്മാർ സത്യത്തെ എതിർക്കുന്ന ചതിയന്മാരായി തീർന്നു. (പ്രവൃത്തികൾ 8:9–ലും 13:6, 8–ലും കാണുന്നത് അടിസ്ഥാനപരമായി അതേ ഗ്രീക്ക് വാക്ക് തന്നെയാണ്.) [28]എന്റെ കൈവശമുള്ള എൻഎഎസ്ബിയുടെ കോപ്പിയിലെ മാർജിൻ കുറിപ്പിൽ ഉള്ളത് "ജ്യോതിഷം, വൈദ്യം, പ്രകൃതിശാസ്ത്രം എന്നിവയിൽ പ്രാവീണ്യം ലഭിച്ച ജ്ഞാനികളുടെ ഒരു കൂട്ടം" എന്നാണ്. [29]വിദ്വാന്മാരെ കുറിച്ച് പ്രചാരത്തിലിരിക്കുന്ന ഒരു ഗാനം തുടങ്ങുന്നത്, "കിഴക്കുനിന്നുള്ള മൂന്ന് രാജാക്കന്മാരായ നാം. . . ." എങ്ങനെയായാലും, "രാജാക്കന്മാർ" എന്ന പദം തെറ്റാണ്. ചില മശിഹാ പ്രവചനങ്ങൾ പറയുന്നത് രാജാക്കന്മാർ അവന്റെ മുമ്പിൽ വന്നു കുമ്പിടും എന്നാണ് (സങ്കീർത്തനങ്ങൾ 72:10, 11; യെശയ്യാവു 49:7; 60:3). ഒരുപക്ഷെ ഇവിടെവെച്ചായിരിക്കാം വിദ്വാന്മാർ രാജാക്കന്മാരാണെന്ന ആശയം ഉദിക്കുന്നത്. [30]ദാനീയേൽ 2:12–ലെയും എസ്ഥേർ 1:13–ലെയും "ജ്ഞാനികൾ" മത്തായി 2–ലെ വിദ്വാന്മാർ എന്നു പറഞ്ഞിരിക്കുന്ന വിധത്തിലുള്ളതായിരിക്കാം.

[31]യേശു പിന്നീട് ഒരു രാജാവായി തീർന്നതല്ല; അവൻ ഒരു രാജാവായി *ജനിക്കുക* യായിരുന്നു. ആ പ്രയോഗം ഹെരോദാവിൽ ഭീതി ഉളവാക്കി. അവൻ രാജാവായിട്ടല്ല ജനിച്ചത്; അവനെ റോമാക്കാർ നിയമിക്കുകയായിരുന്നു. കൂടാതെ, അവന് പാലസ്തീനിലെ സിംഹാസനത്തിലിരിക്കുവാൻ വചനപ്രകാരം അധികാരമി ല്ലായിരുന്നു, കാരണം അവൻ ദാവീദിന്റെ വംശത്തിൽ നിന്നുള്ളവൻ ആയിരുന്നില്ല. "യെഹൂദന്മാരുടെ

രാജാവായി *ജനിച്ചവൻ*" എന്നരീതിയിൽ ആരെയും തന്റെ വാഴ്ച്ചക്ക് മുഖ്യ ഭീഷണിയായി അവൻ കണക്കാക്കിയിരിക്കാം. [32]ആ യാത്രയുടെ ഫലം പഴയനിയമ തിരുവെഴുത്തിന്റെ നിറവേറൽ ആയിരുന്നുവെന്ന് മത്തായി ഊന്നി പറഞ്ഞിരിക്കുന്നു (2:15). പഴയനിയമ വേദഭാഗം എങ്ങനെ നിറവേറി എന്നതിനെ സംബന്ധിച്ച്, "പഴയനിയമ തിരുവെഴുത്തുകൾ എങ്ങനെ നിറവേറി" എന്നതു നോക്കുക. [33]അലെക്സന്ത്രിയയെയും യെഹൂദന്മാരെയും കുറിച്ചു അറിയുവാൻ, ഈ പുസ്തകത്തിൽ ആദ്യം കാണുന്ന, "ക്രിസ്തു വന്നതായ ലോകം" എന്ന പാഠം നോക്കുക. അലെക്സന്ത്രിയയുടെ ജനസംഖ്യയിൽ അഞ്ചിൽ–ഒന്നു മുതൽ അഞ്ചിൽ–രണ്ടു വരെ യെഹൂദന്മാർ ആണെന്നു കണക്കാക്കിയിരുന്നു. [34]അമേരിക്കയിൽ, ഇരുപത്തി–നാലു മാസം കഴിഞ്ഞ കുട്ടികളെയാണ് "രണ്ടു വയസ്സു പ്രായമുള്ളവർ" ആയി കണക്കാക്കുന്നത്. എന്നാൽ യെഹൂദന്മാർ പന്ത്രണ്ടുമാസം കഴിഞ്ഞാൽ ഒരു കുട്ടിയെ "രണ്ട് വയസ്സ് പ്രായമായി" എന്നു കണക്കാക്കുന്നു. അത്തരത്തിലുള്ള കണക്കുകൂട്ടൽ ലോകത്തിൽ ഇന്നും പല രാജ്യങ്ങളിൽ ഉണ്ട്. (ഒരു നവജാതശിശു തന്റെ ജീവിതത്തിന്റെ ആദ്യവർഷത്തിലായിരിക്കും; അവന്റെ തന്റെ ജനനത്തിന്റെ ഒന്നാം വാർഷികം ആഘോഷിക്കുമ്പാൾ, അവൻ രണ്ടാം വയസ്സിലേക്കു കടക്കുകയാണ്; അങ്ങനെ മുൻപോട്ടു പോകുന്നു.) വാക്യം 16 അന്തർലീനമാക്കുന്നത് നക്ഷത്രം ആദ്യം വെളിവായത് പന്ത്രണ്ട് മാസങ്ങൾക്കോ മറ്റോ മുമ്പായിരുന്നു എന്നാണ്. ചിലർ വിശ്വസിക്കുന്നത് നക്ഷത്രം ഏതാണ്ട് ആറുമാസങ്ങൾക്കു മുൻപ് പ്രത്യക്ഷമാവുകയും ഹെരോദാവു "സുരക്ഷിതനായിരിക്കുവാൻ" ആ സംഖ്യ ഇരട്ടിയാക്കി എന്നുമാണ്. പാലസ്തീ നിൽ വിദ്വാന്മാർ എത്തിയപ്പോൾ യേശുവിന് ഒരുപക്ഷെ ആറുമാസത്തിനും പന്ത്രണ്ടുമാസത്തിനും ഇടയിലുള്ള പ്രായമായിരിക്കാം. [35]ലേഖകൻ അജ്ഞാതൻ. ഉദ്ധരിച്ചത് ബി. എസ്. ഡീൻ, "ആൻ ഔട്ട്ലൈൻ ഓഫ് ന്യൂ ടെസ്റ്റമെന്റ് ഹിസ്റ്ററി," *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 1992): 10. [36]ശിശുക്കളെ കൊന്നത് എങ്ങനെ തിരുവെഴുത്ത് നിവർത്തിയാക്കുന്നു എന്നതു സംബന്ധിച്ചു, "എങ്ങനെ പഴയനിയമ തിരുവെഴുത്ത് നിവർത്തിയായി" എന്നതു നോക്കുക. [37]ശിശുക്കൾ അവരുടെ കുടുംബത്തിന് ശൂന്യാവസ്ഥ ഉണ്ടാക്കിയെങ്കിലും, ശിശുക്കൾ അവസാനം സ്വർഗ്ഗത്തിലേക്ക് പോയി (മത്തായി 19:14). [38]ദൈവപദ്ധതികളെ പരാജയപ്പെടുത്തുവാനുള്ള സാത്താന്റെ അനവധി പരിശ്രമങ്ങളിൽ ഒന്നു മാത്രമായിരുന്നു അത്. [39]അർക്കലയോസിനെ കുറിച്ച് കൂടുതൽ അറിയുവാൻ, ഈ പുസ്തകത്തിൽ ആദ്യം കാണുന്ന, "ക്രിസ്തു വന്നതായ ലോകം" എന്ന പാഠം നോക്കുക. [40]മത്തായി 2:23–ൽ സൂചിപ്പിച്ച തിരുവെഴുത്ത് നിവർത്തീകരണത്തെ സംബന്ധിച്ച്, "എങ്ങനെ പഴയനിയമ തിരുവെഴുത്ത് നിവർത്തിയായി" എന്നതു നോക്കുക. ചിലർ "നസറേൻ" എന്ന വാക്ക് "നസീറൈറ്റ്" എന്ന വാക്കായി തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. "നസറേൻ" എന്നത് അർത്ഥമാക്കുന്നത് യേശു നസറെ ത്തിൽ വളർന്നു എന്നു മാത്രമാണ്. നാസീർ വ്യതം അനുഷ്ഠിക്കുന്നയാളാണ് ഒരു "നസീറൈറ്റ്" (നോക്കുക സംഖ്യാപുസ്തകം 6:1–8). ജനനം മുതൽ നാസീർ വ്രത ക്കാരനായിരുന്നു യോഹന്നാൻ സ്നാപകൻ (ലൂക്കൊസ് 1:15–നെ സംഖ്യാ പുസ്തകം 6:3, 4–മായി താരതമ്യം ചെയ്യുക), എന്നാൽ യേശു അങ്ങനെ ആയിരുന്നില്ല (മത്തായി 11:18, 19).

[41]"പ്രകൃതിക്ക് ശൂന്യതയെ അതിജീവിക്കുവാൻ സാധ്യമല്ല" എന്ന് പറയപ്പെട്ടിട്ടുണ്ട്. അതുപോലെ, മനുഷ്യന് ഒന്നും അറിയാതിരിക്കുന്നതിനെ അതിജീവിക്കുവാനും സാധ്യമല്ല. തൽഫലമായി, ദൈവശ്വാസീയരല്ലാത്ത മനുഷ്യർ യേശുവിന്റെ പ്രാരംഭ ജീവിതത്തെ കുറിച്ച് ആകർഷണീയകഥകൾ മെനഞ്ഞുണ്ടാക്കി – ആ കഥകൾ പലതും ക്രൂരവും ദൈവദൂഷണവുമായിരുന്നു. ആ ദൈവശ്വാസീയമല്ലാത്ത "അപ്പൊക്രിഫൽ" വിവരണങ്ങൾ ഉറപ്പുള്ള ദൈവശ്വാസീയ സുവിശേഷ വിവരണങ്ങളിൽ നിന്ന് വളരെ

വ്യത്യസ്തമായിരുന്നു. [42]എന്റെ കൈവശമുള്ള എൻഎഎസ്ബിയിലുള്ള മാർജിൻ കുറിപ്പ് ഇതാണ്: "ഓർ, *എഫേർസ്*; ലിറ്റ്. *ഇൻ ദ തിങ്സ് ഓഫ് മൈ ഫാദർ."* [43]ഹൂഗോ മെക്ഗാർഡ്, *മെക്ഗാർഡ്സ് ന്യൂ ടെസ്റ്റമെന്റ് ട്രാൻസ്ലേഷൻ ഓഫ് ദ എവർലാസ്റ്റിങ് ഗോസ്പെൽ* (ഹെടെർസൺ, ടെൻ.: ഫ്രീഡ്–ഹാർഡി–മാൻ യൂണിവേഴ്സിറ്റി, 1988). [44]ആളുകൾ യെരുശലേമിലേക്ക് യാത്ര ചെയ്തപ്പോൾ, എല്ലായ്പ്പോഴും പറഞ്ഞിട്ടുള്ളത് അവർ "യെരുശലേമിന്റെ മുകളിലേക്കു പോയി" എന്നാണ്. അവർ വീട്ടിലേക്ക് മടങ്ങിവന്നപ്പോൾ, അവർ താഴെ "ഇറങ്ങി" എന്നുമാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ കാരണം രാജ്യത്തിന്റെ ഏറ്റവും മുകളിലാണ് യെരുശലേം സ്ഥിതി ചെയ്തിരുന്നത്. അതായിരിക്കണം നൂറ്റാണ്ടുകൾക്കു മുൻപ് ദാവീദ് അതിനെ തന്റെ തലസ്ഥാനമായി തിരഞ്ഞെടുക്കുവാനുള്ള ഒരു കാരണം. [45]അവന്റെ ഇളയസഹോദരന്മാർക്കു അവനോടു നീരസം ഉണ്ടായിരിക്കണം; അവന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ എന്തായാലും, അവർ അവന്റെ ദൈവീക ഉത്ഭവത്തിൽ വിശ്വസിച്ചിരുന്നില്ല (യോഹന്നാൻ 7:5). [46]ആ വിഷയത്തെ കുറിച്ചുള്ള കുറിപ്പുകൾ വീണ്ടും നോക്കുക. [47]പഴയ നിയമത്തിലെ പുസ്തകങ്ങളുടെ ഉയർന്ന ശതമാനത്തിൽ നിന്നും യേശു ഉദ്ധരിക്കയുണ്ടായി. നിങ്ങളും ഞാനും തിരുവെഴുത്ത് പഠിക്കുന്നതുപോലെ ആയിരുന്നു യേശുവും തിരുവെഴുത്ത് പഠിച്ചത് എന്ന് യേശുവിന്റെ വളർച്ചയെ കുറിച്ചുള്ള ഊന്നലിൽ പറയുന്നു: വായന, മനപാഠം, ധ്യാനം എന്നിവയിലൂടെ. [48]യേശുവിന്റെ വിദ്യാഭ്യാസ കുറവിനെ കുറിച്ചു പിന്നീടുണ്ടായ പ്രസ്താവന (യോഹന്നാൻ 7:15) അർത്ഥമാക്കുന്നത് അവൻ റബ്ബിമാരുടെ പാഠശാലകളിൽ പഠിച്ചില്ല എന്നു മാത്രമാണ്. ഇന്നു നാം അതിനെ പറയും, "അവന് ഒരു കോളേജ് ഡിഗ്രി പോലുമില്ല." [49]ഉദാഹരണത്തിന്, യേശുവിന്റെ ഉപമകളിൽ നിന്ന് അവൻ ആളുകളെയും പ്രകൃതിയെയും നിരീക്ഷിച്ചു എന്ന് വ്യക്തമാണ്. വീണ്ടും, അവൻ തന്റെ വ്യക്തിത്വരൂപീകരണ വർഷങ്ങളിൽ അതികാലത്ത് എഴുന്നേറ്റ് പ്രാർത്ഥിക്കുന്ന ഒരു ശീലം വളർത്തിയിരിക്കണം (മർക്കൊസ് 1:35). ഏറ്റവും പ്രധാനമെന്തെന്നാൽ, ദൈവത്തിന്റെ എല്ലാ കല്പനകളും അവൻ അനുസരിച്ചിരുന്നു എന്നതാണ് (യോഹന്നാൻ 4:34 നോക്കുക); പഴയ നിയമം പൂർണ്ണമായി അനുസരിച്ചത് അവൻ മാത്രമായിരുന്നു. [50]ഡബ്ളിയു. ഇ. വൈൻ, ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂ ടെസ്റ്റമെന്റ് വേർഡ്സ്, എഡ്. ജോൺ ആർ. കോലെൻ ബെർഗർ III യും ജെയിംസ് എ. സ്വാൻസണും (മിന്നീപൊലിസ്: ബെഥാനി ഹൗസ് പബ്ളിഷേഴ്സ്, 1984), 25.

[51]ബി. എസ്. ഡീൻ, "ദ പീരിയഡ് ഓഫ് പ്രിപറേഷൻ," ഇൻ "ആൻ ഔട്ട് ലൈൻ ഓഫ് ന്യൂ ടെസ്റ്റമെന്റ് ഹിസ്റ്ററി," *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 1992): 12.